മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, 1987-ൽ ഏതാണ്ട് 100 കോടി രൂപ മുതൽമുടക്കോടുകൂടിയാരംഭിച്ച ഈ ഫാക്ടറിയിൽ ഇന്ന് 417 ജീവനക്കാരുണ്ട്. രണ്ടായിരത്തോളം ജീവനക്കാർ ഈ യൂണിറ്റിനെ ആശ്രയിച്ച് അനുബന്ധ ജോലികൾ ചെയ്യുന്നുണ്ട്. ആന്റി ഡമ്പിംഗ് ഡ്യൂട്ടിയുടെ പരിരക്ഷയോടുകൂടിയാണ് ഫാക്ടറി ലാഭകരമായി പ്രവർത്തിച്ചുവന്നത്. ഈ ഫാക്ടറി 2011-12-വരെ ലാഭത്തിലുണ്ടായിരുന്ന സ്ഥാപനമാണ്. പക്ഷേ, ഇടയ്ക്ക് ആന്റി ഡമ്പിംഗ് ഡ്യൂട്ടിയുടെ പരിരക്ഷ കിട്ടാതെ വന്നപ്പോൾ ഇതിന്റെ പ്രവർത്തനശേഷി പൂർണ്ണമായും വിനിയോഗിക്കാൻ കഴിയാതെ ആറ് മാസമായി ഇത് അടഞ്ഞുകിടക്കുകയാണ്. ഇപ്പോൾ ആന്റി ഡമ്പിംഗ് ഡ്യൂട്ടിയുടെ പരിരക്ഷ കൊടുത്തിട്ടുണ്ടെങ്കിലും ഉത്പാദനം പുനരാരംഭിക്കൻ സാധിച്ചിട്ടില്ല. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്, കേന്ദ്ര ഗവൺമെന്റിന്റെ അടിയന്തര സഹായം ലഭിച്ചാൽ മാത്രമേ മുന്നോട്ട് പോകാൻ സാധിക്കുകയുള്ളൂ. പ്രവർത്തന മൂലധനത്തിനും ശമ്പള കുടിശ്ശികയ്ക്കും മറ്റ് നിയമപരമായ ബാധ്യതകൾ നിറവേറ്റാനുമായി കമ്പനി സമർപ്പിച്ച 480 കോടി രൂപയുടെ സാമ്പത്തിക സഹായത്തിനുള്ള നിർദ്ദേശം ഇപ്പോൾ കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയിലാണ്. സംസ്ഥാന ഗവൺമെന്റ് ഈ സ്ഥാപനത്തിന്റെ നിലനിൽപ്പിന്റെ ആവശ്യകത പൂർണ്ണമായും ഉൾക്കൊണ്ടുകൊണ്ട് ഇത് അംഗീകരിക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് പ്രത്യേകം ആവശ്യപ്പെടുന്നതാണ്.

5. ഫയലുകൾ തീർപ്പാക്കാൻ കർമ്മപദ്ധതി

ശ്രീ. എം. പി. വിൻസെന്റ്: സർ, വളരെ ഗൗരവപൂർണ്ണമായ, സെക്രട്ടേറിയറ്റ് ഉൾപ്പെടെയുള്ള വിവിധ വകുപ്പുകളിൽ കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്ന കാര്യത്തിൽ അടിയന്തര നടപടി വേണമെന്ന വിഷയമാണ് ഞാൻ അവതരിപ്പിക്കുന്നത്. സംസ്ഥാനത്ത് ഏത് സർക്കാരിന്റെയും പ്രവർത്തനങ്ങൾ ജനങ്ങളിൽ എത്തണമെങ്കിലും പദ്ധതികൾ വിജയിക്കണമെങ്കിലും നമ്മുടെ സിവിൽ സർവ്വീസ് കാര്യക്ഷമമാകണം. താഴെക്കിടയിലുള്ള ഉദ്യോഗസ്ഥന്മാരുടെ അശ്രദ്ധയും ഗൗരവപൂർണ്ണമായ സമീപനവുമില്ലാത്തതിന്റെ പേരിൽ അനവധി ഫയലുകൾ കെട്ടിക്കിടക്കുകയാണ്. 2014 ഫെബ്രുവരിവരെ സെക്രട്ടേറിയറ്റിൽ 2,30,711 ഫയലുകളും വിവിധ വകുപ്പ് മേധാവികളുടെ ഓഫീസുകളിൽ 2,55,862 ഫയലുകളും തീർപ്പാക്കാതെ കിടക്കുകയാണ്. വില്ലേജ് ഓഫീസ് മുതൽ സെക്രട്ടേറിയറ്റുവരെ ഫയലുകൾ ചുവപ്പുനാടയുടെ കെട്ടിലാണ്. ജീവനക്കാരുടെ മനോഭാവം മാറേണ്ടതുണ്ട്. ഇതിന് അതീവ ഗൗരവത്തോടുകൂടിയുള്ള സമീപനമാവശ്യമാണ്. ജനസേവനത്തിനാണ് തങ്ങളെ നിയോഗിച്ചതെന്ന് ഇവർ വിസ്മരിക്കുന്നു. ജനങ്ങളോട് മാന്യമായി പെരുമാറുന്ന ജീവനക്കാർ വളരെയധികം ഉണ്ടെന്നുള്ളകാര്യം ഞാൻ ഇവിടെ മറച്ചുവയ്ക്കുന്നില്ല. എന്നാലും ഇത്തരം കാര്യങ്ങളിൽ ഒരു നിബന്ധന വച്ചുകൊണ്ട് ഫയലുകൾ തീർപ്പാക്കുന്ന കാര്യത്തിൽ അതീവ ശ്രദ്ധയാവശ്യമാണ്. എന്റെ മുമ്പിൽ വരുന്ന ഓരോ ഫയലുകളും ഓരോ മനുഷ്യന്റെ ജീവിതത്തിലെ നിർണ്ണായകമായ ഒന്നാണെന്ന ബോധം പലപ്പോഴും ജീവനക്കാർക്ക്

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടാകുന്നില്ലെന്നുള്ളത് സത്യമാണ്. സെക്രട്ടേറിയറ്റിലെ ചില സീറ്റുകളിൽ ജോലി കുറവും ചില സീറ്റുകളിൽ ജോലിയുള്ളതും ചില സീറ്റുകളിൽ അമിത ജോലിയുള്ളതുമുണ്ട്. അത്തരം സ്ഥലങ്ങളിൽ വർക്ക് ഡിസ്ട്രിബ്യൂഷൻ ബാലൻസ് നോക്കി നൽകേണ്ടത് അതീവ ശ്രദ്ധയോടെ ചെയ്യേണ്ട കാര്യമാണ്. പൊതുവിദ്യാഭ്യാസം, റവന്യൂ, ആരോഗ്യം, എൽ.എസ്.ജി.ഡി. എന്നീ വകുപ്പുകളിലും ലൈസൻസി ഡിപ്പാർട്ടുമെന്റുകളിലും കാര്യങ്ങൾ അതീവ ഗൗരവത്തോടെ നടക്കേണ്ടതുണ്ട്. പി.എസ്.സി.-യിൽ അധിക തസ്തിക അനുവദിച്ചതുപോലെ പൊതുജനങ്ങളുടെ രക്ഷാകേന്ദ്രമായ സെക്രട്ടേറിയറ്റിലും തസ്തികകൾ ആവശ്യത്തിന് അനുവദിക്കണം. വിവരസാങ്കേതികവിദ്യ ശരിയായി ഉപയോഗിച്ച് കൂടുതൽ അപേക്ഷകൾ സ്വീകരിച്ചും അക്ഷയ സെന്ററുകൾ സ്ഥാപിച്ചും ഇതിനൊരു പരിഹാരമുണ്ടാക്കണം. സേവനാവകാശ നിയമം കൊണ്ടുവന്നതിന്റെ ഭാഗമായി കുറേ കാര്യങ്ങൾ മുന്നോട്ടുപോകുന്നുണ്ട്. ഫയലുകൾ തീർപ്പ് കൽപ്പിക്കുന്ന കാര്യത്തിൽ അതീവ ശ്രദ്ധ കൈക്കൊള്ളണമെന്നതാണ് എന്റെ സബ്മിഷൻ.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഫയലുകൾ കെട്ടിക്കിടക്കുന്നതും കാലതാമസം ഉണ്ടാകുന്നതും ജനങ്ങൾക്ക് ലഭിക്കേണ്ട സേവനം വൈകിക്കുന്നതുമൂലം ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിൽ കാലതാമസം ഉണ്ടാക്കുന്നതാണ്. അത് ഒഴിവാക്കണമെന്ന വ്യക്തമായ കാഴ്ചപ്പാടാണ് ഗവൺമെന്റിനുള്ളത്. ഇപ്പോൾതന്നെ മൂന്ന് വർഷത്തിൽ കൂടുതൽ പഴക്കമുള്ള ഫയലുകൾ നൂറ് ദിവസത്തിനുള്ളിൽ സമയബന്ധിതമായി തീർക്കുന്നതിനുവേണ്ടി സെക്രട്ടേറിയറ്റിലും വിവിധ ഡിപ്പാർട്ടുമെന്റുകളിലും സമയബന്ധിതമായ പരിപാടി ആവിഷ്ക്കരിച്ച് അതനുസരിച്ചുള്ള പ്രവർത്തനം നടന്നുകൊണ്ടിരിക്കുകയാണ്. നിയമപരവും സാങ്കേതികവുമായ കാരണങ്ങൾകൊണ്ടും തീരുമാനമെടുക്കാൻ സാധിക്കാത്തതൊഴിച്ച് ബാക്കിയുള്ള ഫയലുകളെല്ലാം വേഗത്തിൽ ഡിസ്പോസ് ചെയ്യുന്നതിനുവേണ്ടിയുള്ള നിർദ്ദേശങ്ങളാണ് കൊടുത്തുകൊണ്ടിരിക്കുന്നത്. അതിന് അദാലത്ത് നടത്താറുണ്ട്. അദാലത്തിൽ വരുന്ന പരമാവധി ഫയലുകൾക്ക് തീരുമാനം ഉണ്ടാക്കാനാണ് നിർദ്ദേശം കൊടുത്തിട്ടുള്ളത്. അദാലത്തുകൾ ഡിപ്പാർട്ട്മെന്റ് തലത്തിലും സെക്രട്ടേറിയറ്റ് തലത്തിലും വിവിധ കളക്ട്രേറ്റുകളിലും നടത്തുന്നതിനുള്ള സംവിധാനമുണ്ടാക്കിയിട്ടുണ്ട്. ജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾ ഓൺലൈൻവഴി എത്തിച്ചുകൊടുക്കുന്നതിനുള്ള പരിപാടികൾ ഗവൺമെന്റ് ആവിഷ്ക്കരിക്കുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പ്രകടിപ്പിച്ച വികാരം പൂർണ്ണമായും ഉൾക്കൊണ്ടുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് ഇന്ന് നടക്കുന്നത്. അത് പ്രത്യേകമായി മോണിറ്റർ ചെയ്യാനും അതിന്റെ റിസൾട്ട് ഉണ്ടാകുന്നുവെന്ന് ഉറപ്പ് വരുത്താനും ശ്രമിക്കുന്നതാണ്.

6. ആസ്തി വികസന ഫണ്ടിൽ നിർദ്ദേശിക്കപ്പെടുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി

ശ്രീ. ഇ. പി. ജയരാജൻ: സർ, അങ്ങ് ഉൾപ്പെടെ എല്ലാ എം.എൽ.എ. മാരേയും ബാധിക്കുന്ന ഗൗരവതരമായ വിഷയമാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. എം.എൽ.എ. മാരുടെ നിയോജകമണ്ഡലം ആസ്തി

LIBRARY ARCHIVES Kerala Legislative Assembly